©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 മാർച്ച് 15<br>15th March 2022<br>1197 മീനം 1<br>1st Meenam 1197<br>1943 ഫാൽഗുനം 24<br>24th Phalguna 1943 | നമ്പർ<br>No. | 838 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VI

[ചട്ടം 22(2) കാണുക]

[2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്]

റഫ. നം തസ്വഭവ-ആർ.ഡി2/119/2020-തസ്വഭവ. തീയതി, തിരുവനന്തപുരം, *2022 മാർച്ച് 4.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിനായി ആലുവ മുനിസിപ്പൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൗൺസിൽ തയ്യാറാക്കിച്ച മാസ്റ്റർപ്ലാൻ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016 -ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ)നം. 16/2022/തസ്വഭവ തീയതി 02/02/2022 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്.

കിഴക്ക് : കീഴ്മാട് ഗ്രാമപഞ്ചായത്ത്.

തെക്ക് : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്.

പടിഞ്ഞാറ് : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്.

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

1) DTP Scheme for Thottakkattukara Area in Alwaye
2) Vicinity Control Scheme for Alwaye Housing Project
3) DTP Scheme for Kottarakkadavu Vicinity Area, Alwaye

ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ- നിലവിലില്ല

സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക - വിശദ നഗരാസൂത്രണ പദ്ധതികൾ ഒന്നും റദ്ദാക്കിയിട്ടില്ല

ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

1) DTP Scheme for Thottakkattukara Area in Alwaye
2) Vicinity Control Scheme for Alwaye Housing Project
3) DTP Scheme for Kottarakkadavu Vicinity Area, Alwaye

2016 -ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, ആലുവ മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ശാരദ മുരളീധരൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.03.15 07:24:53 +05:30